ഭരണഭാഷ മാതൃഭാഷ

**സമയബന്ധിതമായി ഓഡിറ്റ് നടപടികൾ പൂർത്തീകരിച്ച് LC/NLC നൽകുന്നതിനു നിർദ്ദേശങ്ങൾ നൽകുന്നതിനായി വനിത ശിശുവികസന ഡയറക്ടറേറ്റിലെ സീനിയർ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ 16.02.2021 ൽ നടന്ന ഗൂഗിൾ മീറ്റിംഗിന്റെ മിനിട്സ്.**

ഗൂഗിൾ മീറ്റിംഗ് കൃത്യം 3.00 pm ന് ആരംഭിച്ചു.

മീറ്റിംഗിൽ ഡയറക്ടറേറ്റിൽ നിന്നും സീനിയർ ഫിനാൻസ് ഓഫീസർ ശ്രീമതി അംബികാദേവി ഡി ഓഡിറ്റ് സെല്ലിൽ നിന്നും സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട്. ഹെഡ് അക്കൗണ്ടന്റ്, സീനിയർ ക്ലാർക്ക് കൂടാതെ കൊല്ലം ഒഴികെയുള്ള എല്ലാ ജില്ലയിലേയും പ്രോഗ്രാം ഓഫീസുകളിലെ സീനിയർ സൂപ്രണ്ടുമാർ, കൊല്ലം ജില്ലാ വനിതാ ശിശുവികസന ഓഫീസിലെ സീനിയർ സൂപ്രണ്ട് എന്നിവർ പങ്കെടുത്തു.

ജില്ലകളിൽ LC/NLC നൽകാൻ തടസ്സമായിട്ടുള്ള ഓഡിറ്റ് പരാമർശങ്ങളുടെ വിവരങ്ങളിന്മേൽ ചർച്ച നടത്തി. ചർച്ചയിൽ 2021 മാർച്ച് 31 ന് മുമ്പുതന്നെ പെന്റിംഗ് ആയി നിൽക്കുന്ന LC/NLC കൾ ഓഡിറ്റ് നടപടികൾ പൂർത്തീകരിച്ച് അനുവദിക്കുന്നതാണെന്ന് സീനിയർ സൂപ്രണ്ടുമാർ ഉറപ്പു നൽകി.

ജില്ലാതല ഓഡിറ്റ് ടീമുകളിൽ ഐ.സി.ഡി.എസ് കളിൽ നിന്നും ജീവനക്കാരെ ഉൾപ്പെടുത്തി ഓഡിറ്റ് ടീം നിശ്ചയിക്കുന്നതിന് അനുവാദം ഉണ്ടാകണമെന്ന് തിരുവനന്തപുരം തൃശ്ശൂർ പ്രോഗ്രാം ഓഫീസുകളിലെ സീനിയർ സൂപ്രണ്ടുമാർ നിർദ്ദേശിച്ചു.

19.09.2019 ലെ സർക്കാർ പരിപത്രം നമ്പർ 79/2019/ധന പ്രകാരം ആയിരിക്കണം ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതും ന്യൂനതാ പരിഹാര റിപ്പോർട്ട് സമർപ്പിക്കേണ്ടതുമെന്ന് സീനിയർ ഫിനാൻസ് ഓഫീസർ നിർദ്ദേശിച്ചു. ഓഡിറ്റ് കഴിഞ്ഞ് എത്രയും വേഗം ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സീനിയർ ഫിനാൻസ് ഓഫീസർ ആവശ്യപ്പെട്ടു. ഓഡിറ്റ് നടപടി ക്രമങ്ങളിലെ സമയദൈർഘ്യം കാരണം ജീവനക്കാരുടെ പെൻഷനറി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം യാതൊരു കാരണവശാലും അംഗീകരിക്കുകയില്ലെന്ന് സീനിയർ ഫിനാൻസ് ഓഫീസർ മുന്നറിയിപ്പ് നൽകി. ഓരോ ഓഡിറ്റും നടത്തി റിപ്പോർട്ടു സമർപ്പിച്ചതിനുശേഷം മാത്രമെ അടുത്ത ഓഡിറ്റ് നടത്താൻ പാടുള്ളൂ എന്ന് സീനിയർ ഫിനാൻസ് ഓഫീസർ നിർദ്ദേശിച്ചു.

ഗൂഗിൾ മീറ്റിംഗ് 4.00 pm ന് അവസാനിച്ചു.

സീനിയർ ഫിനാൻസ് ഓഫീസർ